**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഫുൾ ടൈം സ്വീപ്പർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് മുൻ തസ്തികയിലെ സേവനകാലയളവ് കൂടി പരിഗണിക്കണമെന്ന ശ്രീമതി. കെ. പ്രമീളയുടെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 897/ 2019/ തസ്വഭവ        തീയതി, തിരുവനന്തപുരം, 27/ 04// 2019**

---

പരാമർശം : 1. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14. 11. 2018 ലെ OA(EKM) 2128/ 2018 നമ്പർ ഉത്തരവ്.

2. പഞ്ചായത്ത് ഡയറക്ടറുടെ 16. 01. 2019 ലെ PAN/ 25364/ 2018- E9(DP) നം. കത്ത്

3. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16. 07. 2016 ലെ ഇ 4- 6432/ 2016 നമ്പർ ഉത്തരവ്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർ ശ്രീമതി കെ. പ്രമീള ഫയൽ ചെയ്ത OA(EKM) 2128/ 2018 നമ്പർ ഹർജിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷക സമർപ്പിച്ചിട്ടുള്ള അനക്സർ എ 7 നിവേദനത്തിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിന് സർക്കാരിനോട് നിർദേശിച്ചു. കപ്പൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച ശ്രീമതി പ്രമീളയ്ക്ക് ഫുൾടൈം സ്വീപ്പറായി പ്രമോഷൻ ലഭിക്കുകയും 22.05.2015 ൽ ടി തസ്തികയിൽ സേവനമാരംഭിക്കുകയും ഫുൾ ടൈം സ്വീപ്പർ തസ്തികയിലെ പ്രൊബേഷൻ 21.05.2016 തീയതി പ്രാബല്യത്തിൽ ഡിക്ലയർ ചെയ്യുകയും ചെയ്തു. കേരള പബ്ലിക്ക് സർവീസ് കമ്മിഷൻ വിവിധ വകുപ്പുകളിലെ കേരള കോമൺ പൂൾ സർവീസിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിലേക്ക് തസ്തികമാറ്റ നിയമനത്തിന് അപേക്ഷ ക്ഷണിച്ചതിനെ തുടർന്ന് മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ളതിനാൽ നിയമനത്തിനായി അപേക്ഷ സമർപ്പിച്ചു എന്നാൽ മേൽ വിജ്ഞാപന പ്രകാരം സബോർഡിനേറ്റ് സർവീസിലെ / ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ അപ്രൂവ്ഡ് പ്രോബേഷണേഴ്സിന് മാത്രമെ അപേക്ഷിക്കാൻ കഴിയുകയുള്ളൂ. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനമനുസരിച്ച് അപേക്ഷ സമർപ്പിക്കുന്നതിന്റെ അവസാന തീയതിക്ക് മുമ്പ് പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടിയാളുടെ അപേക്ഷ നിരസിച്ചു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയ്ക്ക് മുമ്പ് പ്രൊബേഷൻ ഡിക്ലയർ ചെയ്താൽ ടിയാളെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനത്തിനായി പരിഗണിക്കുമെന്നതിനാൽ ടിയാളുടെ മുൻകാല പാർട്ട് ടൈം

ലൈബ്രേറിയൻ സേവനവും കൂടി പരിഗണിച്ച് ഫുൾ ടൈം സ്വീപ്പർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യണമെന്നും ഇതിനായി KS&SSR ലെ റൂൾ 39 പ്രകാരമുള്ള അധികാരം വിനിയോഗിക്കണമെന്നും അനക്സർ എ 7 നിവേദനത്തിൽ ശ്രീമതി. കെ. പ്രമീള അപേക്ഷിച്ചു.

ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചു. ശ്രീമതി പ്രമീള. കെ പാർട്ട് ടൈം ലൈബ്രേറിയനായി 03.12.2014 ൽ പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചു തുടർന്ന് 22.05.2015 ൽ ടിയാൾക്ക് ഫുൾടൈം സ്വീപ്പറായി ഉദ്യോഗകയറ്റം നൽകുകയും ടിയാൾ 22.05.2015 തീയതിയിൽ ഫുൾടൈം സ്വീപ്പറായി ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി 22.05.2015 മുതൽ 21.05.2016 വരെയുള്ള ഫുൾടൈം സ്വീപ്പർ തസ്തികയിലെ ടിയാളുടെ നിരീക്ഷണകാലം പരാമർശം (3) ഉത്തരവ് പ്രകാരം പ്രഖ്യാപിക്കുകയുണ്ടായി ടിയാൾ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യവെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 29.12.2015 ഗസറ്റ് തീയതിയിലെ കാറ്റഗറി നമ്പർ 504/2015 പ്രകാരമുള്ള ലൈബ്രേറിയൻ ഗ്രേഡ് IV ( By transfer from graduate with degree in Library and Information Science) തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിച്ചു. ടി തസ്തികയിലേയ്ക്ക് അപേക്ഷിക്കുമ്പോൾ ടിയാളുടെ നിരീക്ഷണകാലം പൂർത്തിയാക്കിയിട്ടില്ലതിനാൽ ടിയാളുടെ അപേക്ഷ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിരസ്സിക്കുകയുണ്ടായി. ടിയാളുടെ പാർട്ട് ടൈം തസ്തികയിലെ സേവനകാലയളവ് കൂടി പരിഗണിച്ച് ഫുൾടൈം സ്വീപ്പർ തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപനം നേരത്തെ നടത്തണമെന്നാണ് ടിയാളുടെ പരാതിയിലെ ആവശ്യം. പഞ്ചായത്ത് വകുപ്പിലെ കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ളവരെയാണ് കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് വകുപ്പിലെ ഫുൾ ടൈം സ്വീപ്പർമാർക്ക് കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് അടിസ്ഥാനത്തിലുള്ള നിരീക്ഷണകാലമാണുള്ളത്. ടി റൂളിലെ വ്യവസ്ഥകൾ പ്രകാരം ഒരു തസ്തികയിലെ തുടർച്ചയായ രണ്ട് വർഷകാലയളവിൽ ഒരു വർഷമാണ് നിരീക്ഷണ കാലമായിട്ടുള്ളത്. അപ്രകാരം ടിയാളുടെ ഫുൾടൈം സ്വീപ്പർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയായിട്ടുള്ളത് 21.05.2016 നാകയാൽ ഫുൾ ടൈം കണ്ടിജന്റ് സർവ്വീസിലെ നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിന് മുൻ തസ്തികയിലെ സേവനകാലയളവ് കൂടി പരിഗണിക്കണമെന്ന ടിയാളുടെ ആവശ്യം പരിഗണനാർഹമല്ലെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള പാർട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടം റൂൾ 9 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരു തസ്തികയിലെ തുടർച്ചയായ രണ്ടു വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ ഡ്യൂട്ടി കാലയളവാണ് ഫുൾ ടൈം സ്വീപ്പർ തസ്തികയിലെ പ്രൊബേഷനുവേണ്ടി നിഷ്കർഷിച്ചിട്ടുള്ളത്. ശ്രീമതി. പ്രമീള 22.05.2015 ൽ ഫുൾ ടൈം സ്വീപ്പറായി ജോലിയിൽ പ്രവേശിക്കുകയും 21.05.2016 ൽ ടി തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒരു സർവീസിൽ പ്രവേശിച്ച് കഴിഞ്ഞ ശേഷം മാത്രമേ ടി സർവീസിൽ പ്രൊബേഷൻ ആരംഭിച്ചതായി കണക്കാക്കാൻ കഴിയൂ. മറ്റൊരു സർവീസിലെ സേവനം കൂടി കണക്കിലെടുത്ത് പ്രോബേഷൻ ഡിക്ലയർ ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥയില്ല ആയതിനാൽ 21.05.2016 ൽ ശ്രീമതി. പ്രമീളയുടെ ഫുൾ ടൈം സ്വീപ്പർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള നടപടി ക്രമപ്രകാരമാണ്. കൂടാതെ പ്രത്യേക

സാഹചര്യങ്ങളിൽ, ആവശ്യമെങ്കിൽ KS& SSR ചട്ടം 39 നടപ്പാക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണെങ്കിലും ടി ചട്ടം നടപ്പിലാക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ 14/09/1973 ലെ 131867/Rules/72/PD നമ്പർ സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ Generally rules should not be relaxed in individual cases unless there are compelling reasons എന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ഈ കേസിൽ KS& SSR ചട്ടം 39 നടപ്പിലാക്കുന്നതിന് മതിയായ കാരണങ്ങൾ ഉള്ളതായി കാണുന്നില്ല മാത്രമല്ല ഇത്തരത്തിൽ മതിയായ കാരണങ്ങൾ ഇല്ലാതെ ചട്ടങ്ങളിൽ ഇളവനുവദിക്കുന്നത് ഭാവിയിൽ അത് മറ്റു കേസുകളിൽ കീഴ്വഴക്കമായി പരിഗണിക്കാനുള്ള സാഹചര്യവുമുണ്ട്.

മേൽ സാഹചര്യത്തിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് മുൻ തസ്തികയിലെ സേവനകാലയളവ് കൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. കെ. പ്രമീള സമർപ്പിച്ചിട്ടുള്ള അനക്സർ എ 7 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീമതി. കെ. പ്രമീള, ഫുൾടൈം സ്വീപ്പർ, പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല (പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല.
സെക്രട്ടറി, പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/226/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Denny MY

സെക്ഷൻ ഓഫീസർ